പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 473 06.02.2013 -ലെ മറുപടി

കെ. എസ്. ആർ. ടി. സി. -യുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>" ലൂഡി ലൂയിസ്<br>" പി. സി. വിഷ്ണുനാഥ്<br>" എ. റ്റി. ജോർജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി 303 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുകയുണ്ടായി. ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള പൂർണ്ണ അവകാശം കെ.എസ്. ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തികൊണ്ട് സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അന്തിമ വിജ്ഞാപനം ആകുന്നതോടുകൂടി ദീർഘദൂര സർവ്വീസുകളുടെ രംഗത്ത് കെ.എസ്.ആർ.ടി.സി. ക്ക് കുത്തക സ്ഥാപിക്കുവാൻ കഴിയുന്നതാണ്. അതോടൊപ്പം തൊഴിലാളി സംഘടകളുടെ റഫറണ്ടവും ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളപരിഷ്ക്കരണവും നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2012-13 വർഷത്തിൽ നോൺ-പ്ലാൻ ഇനത്തിൽ 100 കോടി രൂപയും പദ്ധതിയിനത്തിൽ 57.07 കോടി രൂപയും കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജായി 50 കോടി രൂപയും അനുവദിക്കുകയു ണ്ടായി. |
| (ബി) | എത്ര ബസ്സുകൾ പുറത്തിറക്കി ; എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകി ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 655 ബസ്സുകൾ നിരത്തിലിറക്കി.<br>325 ചേസ്സിസ്സുകൾക്ക് ഓർഡർ നൽകിയതിൽ 50 എണ്ണം ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വർക്ക് ഷോപ്പുകളിലായി നടന്നുവരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | വിവിധ ബസ്സ് ടെർമിനലുകളുടെ ജോലികളിൽ എന്ത് പുരോഗതി നേടിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ; | (സി) | ബി.ഒ.ടി. അടിസ്ഥാനത്തിൽ അങ്കമാലി, കോഴിക്കോട്, തമ്പാനൂർ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ അങ്കമാലിയുടെ ഉത്ഘാടനം 2011 ജനുവരി 19-ന് കഴിഞ്ഞു. ബാക്കി സ്ഥലങ്ങളിൽ പണി പുരോഗമിച്ചു വരുന്നു.<br>കെ.എസ്.ആർ.ടി.സി. സ്വന്തമായി നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട എന്നിവിടങ്ങളിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു.<br>നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.<br>കൂടാതെ ഈഞ്ചയ്ക്കൽ, കോട്ടയം, പാല, മൂവാറ്റുപുഴ, ഹരിപ്പാട്, പയ്യന്നൂർ, നിലമ്പൂർ, പത്തനംതിട്ട, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിലെ ബസ് ടെർമിനലുകളുടെ നിർമ്മാണത്തിനു മുന്നോടിയായി രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഏതെല്ലാം തലത്തിലുള്ള പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ? | (ഡി) | ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രാന്ത പ്രദേശങ്ങളിലെയും ജനങ്ങൾക്ക് ഒരു ബസ്സിൽ തന്നെ യാത്ര ചെയ്ത് നഗരങ്ങളിലേക്ക് പെട്ടെന്ന് എത്തിച്ചേരുവാൻ കഴിയുന്ന രീതിയിലുള്ള രാജധാനി റിംഗ് റോഡ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ